**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2010** **09-02-2023 - ൽ മറുപടിയ്ക്ക്**

**കെ-ഡിസ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സ്വകാര്യ കെട്ടിടത്തിൽ 3.60 കോടി രൂപയുടെ നവീകരണം നടത്തി ആസ്ഥാനമന്ദിരം ഒരുക്കാൻ കെ-ഡിസ്കിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കെ-ഡിസ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാനായുള്ള പ്രവർത്തനങ്ങൾക്കായി, ആസ്ഥാനമന്ദിരത്തിൽ ആധുനിക ഓഫീസ് സംവിധാനങ്ങൾ ഒരുക്കുന്നതിന് 17/01/2022- ലെ GO(Rt)No.2/2022/പി.എൽ.ജി & ഇ.എ (DVPMT & INNOVATION) പ്രകാരവും 13/04/2022- ലെ 284/2021/K-DISC നമ്പർ ഓഫീസ് നടപടിക്രമപ്രകാരവും അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ആസ്ഥാനമന്ദിരത്തിൽ വാട്ടർ കർട്ടൻ സ്ഥാപിക്കാൻ എത്ര തുക ചെലവഴിച്ചുവെന്നും ഈ പ്രവൃത്തി ആരുടെ നിർദ്ദേശപ്രകാരമായിരുന്നുവെന്നും അറിയിക്കാമോ; കെട്ടിടം വാടകയ്ക്ക് എടുത്തത് ഓപ്പൺ ടെണ്ടർ വഴിയാണോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്താൻ രൂപീകരിച്ചിട്ടുള്ള റിക്വയർമെന്റ് കമ്മിറ്റിയുടെ നിർദേശങ്ങൾ വിലയിരുത്തിയാണ് വാട്ടർ കർട്ടൻ സ്ഥാപിച്ചത്. പ്രവർത്തിയുടെ അടങ്കൽ തുക 13,20,000/- രൂപയാണ്.<br><br>KIIFB, ASAP എന്നീ സ്ഥാപനങ്ങൾ മുമ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടം ഒഴിഞ്ഞ ശേഷം അതേ വാടക നിരക്കിൽ കെ-ഡിസ്ക് എടുക്കുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) | കെ-ഡിസ്ക് വിവിധ പദ്ധതികളുടെ പ്രചാരണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; ഒരോ പദ്ധതിയുടെയും പ്രചാരണ ചെലവ് വ്യക്തമാക്കാമോ; | (സി) | കെ-ഡിസ്കിലെ വിവിധ പദ്ധതികളുടെ പ്രചാരണത്തിനായി ചെലവഴിച്ച തുക അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | കെ-ഡിസ്ക് ഐ.സി.ടി. അക്കാദമിയുമായി ചേർന്ന് നടത്തിയ സോഫ്റ്റ്‌വെയർ വികസന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്നും ഇനി എത്ര തുക കരാറുകാരന് നൽകാനുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് തുടങ്ങിയോ; ഇല്ലെങ്കിൽ ഇവ | (ഡി) | സോഫ്റ്റ് വെയർ വികസന പദ്ധതികൾക്കായി ചെലവഴിച്ചതും ഇനി നൽകാൻ ബാക്കിയുള്ളതുമായ തുകകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഉപയോഗിച്ച് തുടങ്ങുന്നതിന് എത്ര തുക ഇനി ചെലവഴിക്കേണ്ടിവരുമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

| | |
|---|---|
| ഹൈസ്പീഡ് ഇന്റർനെറ്റ് സംവിധാനമുള്ള നെറ്റ് വർക്ക് | - 85,01,866 |
| സൈബർ സെക്യൂരിറ്റി സംവിധാനങ്ങൾ | - 40,18,220 |
| ഊർജ്ജ സംരക്ഷണ സംവിധാനങ്ങൾക്കുള്ള ചെലവ് | - 13,85,000 |
| 48 വി ഡിസി സംവിധാനത്തിന് അനുപൂരകമായി തയ്യാറാക്കിയ ഇലക്ട്രിക്കൽ സംവിധാനം ഒരുക്കുന്നതിന് | - 28,59,053 |
| ഫർണ്ണിച്ചർ | - 25,25,188 |
| ക്യാബിനുകളും ഓഫീസ് സംവിധാനങ്ങളും ഒരുക്കാനുള്ള ഇന്റീരിയൽ റീ മോഡലിംഗ് ചെലവുകൾ | - 74,19,590 |
| ബിഇഇ സ്റ്റാർ റേറ്റിംഗുള്ള ശീതീകരണ സംവിധാനങ്ങൾ | - 36,83,435 |
| ടോയ് ലെറ്റ് സംവിധാനങ്ങൾ വിപുലപ്പെടുത്താനും സീവേജ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും | - 16,62,941 |
| മറ്റു സിവിൽ വർക്കുകൾ | - 48,49,424 |
| അധിക പ്രവർത്തികൾക്ക് | - 35,56,483 |

**അനുബന്ധം 2**
**വിവിധ പദ്ധതികളുടെ പ്രചാരണത്തിനായി വരെ ചെലവഴിച്ച തുക സംബന്ധിച്ചുള്ള വിവരങ്ങൾ**

1. എമർജിങ് ടെക്നോളജി പ്രവർത്തനങ്ങൾ സർക്കാർ തരത്തിൽ വേഗത്തിലാക്കാനുള്ള പദ്ധതി പദ്ധതിയുടെ പ്രചാരണത്തിനായി ചെലവ് ആരംഭിച്ചത് 2021-22 വർഷത്തിലാണ് 13,423 രൂപ ചെലവാക്കി. 2022-23 വർഷത്തിൽ 382,000രൂപ പ്രചാരണത്തിനായി ചെലവാക്കി.
2. ഇലക്ട്രിക് വെഹിക്കിൾ വികസനത്തിനായുള്ള പരിപാടി 2021-22-ൽ ഈ പരിപാടിയുടെ പ്രചരണ പ്രവർത്തനങ്ങൾക്കായി 3067 രൂപ ചെലവായി.
3. കെ-ഡിസ്കിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കിയ ഇന്നവേഷൻ ചാലഞ്ച് ഫണ്ടിൽ 2018-19 വർഷത്തിൽ ഒരു ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി നാപ്പത്തിയാറ് രൂപ പ്രചാരണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി . ഈ ഇനത്തിൽ തുടർന്നുള്ള വർഷങ്ങളിൽ ചെലവുണ്ടായിട്ടില്ല.
4. പ്രാദേശിക തലത്തിൽ ഉള്ള പുത്തനാശയ പ്രയോജകരെ കണ്ടെത്തുന്നതിന് ആവിഷ്കരിച്ച ലോക്കൽ ഇന്നവേഷൻ പ്രോഗ്രാം 22- 23 വർഷത്തിൽ 1,88,800 രൂപ ചെലവഴിക്കുകയുണ്ടായി.
5. കുട്ടികളുടെ ഗണിത പ്രാവീണ്യ വർദ്ധിപ്പിക്കുന്നതിനായുള്ള മഞ്ചാടി പരിപാടിക്ക് 2018-19 വർഷത്തിൽ 12,37,054 രൂപ പ്രചാരണ ആവശ്യങ്ങൾക്കായി ചെലവാക്കി. 2019-20 വർഷം 17110 രൂപയാണ് പ്രചരണം ആവശ്യങ്ങൾക്ക് ചെലവായത്.
6. പ്രൈമറി സ്കൂൾ തലത്തിൽ കുട്ടികളുടെ ശാസ്ത്ര വിഷയങ്ങളിലുള്ള പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിനുള്ള മഴവില്ല് പരിപാടി 2021- 22 വർഷത്തിൽ 32,52,567 രൂപ ചെലവാക്കുകയുണ്ടായി. ഈ ഇനത്തിൽ മറ്റ് വർഷങ്ങൾ ചെലവില്ല.
7. ഭരണപരമായ പ്രവർത്തനങ്ങളുടെ ഭാഗമായി 2020-21 വർഷത്തിൽ 4,61,335 രൂപ പ്രചാരണ പ്രവർത്തനങ്ങൾക്ക് ചെലവായിട്ടുണ്ട്. 2021-22 വർഷകാലത്ത് 27,662 രൂപ പരസ്യങ്ങൾക്കും മറ്റുമായി ഉപയോഗിച്ച്. 2022-23 വർഷത്തെ ഈ ഇനത്തിൽ ചെലവായത് 4,84,994 രൂപയാണ്.
8. ഒരു ജില്ലാ ഒരാശയം എന്ന പരിപാടിക്ക് 22- 23 വർഷത്തിൽ സോഷ്യൽ മീഡിയ അടക്കമുള്ള പ്രവർത്തനങ്ങൾക്ക് 62,000 രൂപ ചെലവായിട്ടുണ്ട്.
9. ഒരു തദ്ദേശ സ്വയംഭരണം ഒരാശയം പുതിയ പരിപാടി 2022-23 വർഷത്തിൽ 77,000 രൂപ ചെലവായിട്ടുണ്ട്
10. വിവിധ പ്രോജക്ടുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിൽ ആയുള്ള പ്രോഗ്രാം മാനേജ്മെൻറ് ഓഫീസ് സംവിധാനത്തിൽ 2019-20 വർഷത്തിൽ പ്രചരണ പ്രവർത്തനങ്ങൾക്കായി 1,11,080 രൂപയും 2020-21 വർഷത്തേക്ക് പ്രചരണ പ്രവർത്തനങ്ങൾക്കായി 2,17,069 രൂപയും ചെലവഴിച്ചിട്ടുണ്ട്.
11. എമർജിങ് ടെക്നോളജി പ്രോജക്ട് നായുള്ള പ്രോഗ്രാം മാനേജ്മെൻറ് സംവിധാനത്തിൽ 2020-21 വർഷം പരസ്യം അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2,57,130 രൂപ ചെലവായിട്ടുണ്ട്.
12. കെ ഡിസ്കിന്റെ മുൻനിര പരിപാടിയായ യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം പരസ്യങ്ങൾ സോഷ്യൽ മീഡിയ പരിപാടി എന്നിവയ്ക്കായി 2018-19 വർഷത്തിൽ 48,629 രൂപ ചെലവാക്കി. 2019-20 വർഷത്തിലാകട്ടെ ചിലവ് 14,868 രൂപയായിരുന്നു. 2020-21 വർഷത്തിൽ12,980 രൂപയും 21-22 വർഷത്തിൽ 63,61,604 രൂപയും 2022-23 വർഷത്തിൽ 64,77,576 രൂപയും, വിജയികളായ ടീമുകളുടെ വീഡിയോ ചിത്രങ്ങൾ നിർമ്മിക്കുന്നതിനും വിജയഗാഥ സമുച്ചയം വികസിപ്പിക്കുന്നതിനും, സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരണം നടത്തുന്നതിനും പരസ്യങ്ങൾ നൽകുന്നതിനും ചെലവാക്കുകയുണ്ടായി.

**അനുബന്ധം 3**

**വിവിധ സോഫ്റ്റ്‌വെയർ വികസന പരിപാടികൾക്കായി ചെലവഴിച്ചതും ഇനി നൽകാൻ ബാക്കിയുമുള്ള തുകകൾ**

1. യങ് ഇന്നോവേറ്റർസ് പ്രോഗ്രാം (Young Innovators Programme) ആയി ബന്ധപ്പെട്ട മെന്റർമാരും പുത്തൻ ആശയ[redacted] പ്രയോജകരും തമ്മിലുള്ള സംവാദങ്ങൾ രേഖപ്പെടുത്താനും YIP മത്സരങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കാനും മറ്റുമാണ് YIP പോർട്ടൽ വികസിപ്പിച്ചത്. ഇതിനായി 12.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ബാക്കി തുക നൽകാനില്ല.
2. യങ് ഇന്നോവേറ്റർസ് പ്രോഗ്രാമിൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, പുത്തനാശയ പ്രയോജകരുടെ രജിസ്ട്രേഷൻ, ഫെസിലിറ്റേറ്റർമാർ, മെന്റർമാർ എന്നിവരുടെ രജിസ്ട്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുള്ളത്. ഇതിനായി 10 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക നല്കാനില്ല.
3. മഞ്ചാടി ഗണിത പരിപാടി: 8 മുതൽ 12 വയസ്സുവരെയുള്ള പ്രൈമറി സ്കൂൾ കുട്ടികളുടെ ഗണിത പ്രാവീണ്യം വർധിപ്പിക്കുന്നതിനുള്ള പരിപാടിയാണിത്. ഈ പരിപാടി കൂടുതൽ ഫലപ്രദമായി നടത്താൻ ആവശ്യമായ പഠന പരിശീലന സാമഗ്രികൾ വികസിപ്പിക്കാനും, മഞ്ചാടി പ്രോജക്റ്റ് നടത്തിപ്പിനാവശ്യമായ മാനേജ്മെൻറ് ഇൻഫർമേഷൻ സമ്പ്രദായം വികസിപ്പിക്കാനും ആയി 11,38,400 രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും, കുട്ടികളുടെ തുടർച്ചയായ പഠനാവലോകനം നടത്താനും കുട്ടികൾ കൈവരിച്ച പഠന നേട്ടങ്ങൾ രേഖപ്പെടുത്താനും, അധ്യാപന പ്രവർത്തനങ്ങളുടെയും കുട്ടികൾക്ക് നൽകുന്ന സഹായ സംവിധാനങ്ങളുടെയും ഫലപ്രാപ്തി വിശകലനം ചെയ്യുന്നതിനും ആയി 45,39,200 രൂപ ഇനി നൽകാനുണ്ട്.
4. ഒരു ജില്ല ഒരു ആശയം എന്ന പരിപാടിയുടെ ഭാഗമായി സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനങ്ങളുടെ വിവരങ്ങളും, അവയുടെ ഫലപ്രാപ്തിക്കും, വികസനത്തിനും വൈവിധ്യവൽക്കരണത്തിനും, സാങ്കേതികവിദ്യ ഉപയോഗിച്ച് ഉത്പാദനക്ഷമതയും, കാര്യക്ഷമതയും, വർധിപ്പിക്കുന്നതിനുമായുള്ള ഭാവി പ്രവർത്തന പരിപാടി രേഖപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ടുള്ള പോർട്ടൽ വികസനത്തിന് ഇതുവരെ 22.50 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇനി ഈ ഇനത്തിൽ തുക നൽകാനില്ല.